**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**
**നമ്പർ : T 1178**

**11.02.2016 -ൽ മറുപടി**
**നൽകേണ്ടിയിരുന്നത്**

# ഭൂമി കയ്യേറ്റത്തിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കേരള ഗാന്ധി സ്മാരക നിധിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം ഏതെല്ലാം സർവ്വേ നമ്പരിൽ സ്വന്തമായി ഭൂമിയുണ്ട് എന്ന് അറിയിക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24-ൽ റീസർവ്വേ 417/27-ൽ പ്പെട്ട 27 ആർ സ്ഥലവും, പാറശ്ശാല വില്ലേജിൽ ബ്ലോക്ക് 50-ൽ റീസർവ്വേ 10/17-ൽ 18.30 ആർ സ്ഥലവും, നെടുമങ്ങാട് താലൂക്കിൽ ബ്ലോക്ക് 29-ൽ റീസർവ്വേ 442-ൽ 20.60 ആർ സ്ഥലവും കേരള ഗാന്ധി സ്മാരക നിധി എന്ന സ്ഥാപനത്തിന്റെ പേരിൽ ഉള്ളതായി വില്ലേജ് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭൂമികളിൽ ഏതിലൊക്കെ യാണ് കയ്യേറ്റങ്ങൾ ഉള്ളത്; ഇവ തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാ മെന്ന് അറിയിക്കാമോ? | (ബി) കേരള ഗാന്ധി സ്മാരക നിധി എന്ന സ്ഥാപനത്തിന്റെ സ്വന്തം പേരിലുള്ള ഭൂമികൾ സ്വകാര്യ ഭൂമി ആയതിനാൽ ആയതിലെ കയ്യേറ്റം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതാണ്. ടി ഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ തന്നെ കേരള ഭൂസംരക്ഷണ നിയമം മുഖേന നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതാണ്.<br><br>തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വെ 880 ൽ പ്പെട്ട ഒരേക്കർ സർക്കാർ സ്ഥലം കേരള ഗാന്ധി സ്മാരക നിധിയ്ക്ക് സർക്കാർ പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. ആയതിൽ കയ്യേറ്റങ്ങൾ ഇല്ലാത്തതാണ്. ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ സർവ്വെ 1763, 1764/1, 1372/1, 1372/2 എന്നീ സർവ്വെ നമ്പരുകളിലായി 4.83 ഏക്കർ സ്ഥലം ടി സ്ഥാപനത്തിന് പാട്ടത്തിന് അനുവദിച്ചിരുന്നതും |

ആയതിന്റെ കാലാവധി 31-03-98-ൽ അവസാനിച്ചിരുന്നതുമാണ്. എന്നാൽ പ്രസ്തുത കാലയളവിൽ ടി സംഘടന പാട്ട വ്യവസ്ഥകൾ ലംഘിച്ച് വ്യക്തികൾക്കായി ടി സ്ഥലം ഉപ പാട്ടത്തിന് നൽകിയിരുന്ന സാഹചര്യത്തിൽ 24-09-2007 ലെ G.O(MS) 341/07/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി സ്ഥലം തിരികെ ഏറ്റെടുത്ത് ഉത്തരവായിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവിനെതിരെ ടി സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C) 29234/07 നമ്പർ കേസിലെ 10-02-2007 ലെ ഇടക്കാല ഉത്തരവിൽ സ്ഥലം തിരിച്ചെടുത്ത സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്. തുടർന്ന് സ്റ്റേ ഒഴിവാക്കുന്നതിന് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുമായി ബന്ധപ്പെട്ട് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുള്ളതും, ടി WP(C) യിന്മേൽ ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം ഉണ്ടായിട്ടില്ലാത്തതുമാണ്.

(signature)

**സെക്ഷൻ ഓഫീസർ**